232

ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# 1989-ലെ പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും (അതിക്രമങ്ങൾ തടയൽ) ആക്റ്റ്

(1989-ലെ 33-ാം നമ്പർ ആക്റ്റ്)

(1992 ജൂൺ 5-ാം തീയതി നിലവിലിരുന്നപ്രകാരം)

# THE SCHEDULED CASTES AND SCHEDULED TRIBES (PREVENTION OF ATROCITIES) ACT, 1989

**(ACT No. 33 of 1989)**

(As on 5th June, 1992)

വില : **35** രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

2012

## ആമുഖം

1992 ജൂൺ 5-ാം തീയതി നിലവിലിരുന്നപ്രകാരമുള്ള പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും (അതിക്രമങ്ങൾ തടയൽ) ആക്റ്റ്, 1989 (1989-ലെ 33-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2011 ഒക്ടോബർ 19-ാം തീയതിയിലെ ഭാരത അസാധാരണ ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം, 9-ാം നമ്പരായി 1 മുതൽ 14 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരികപാഠമായിത്തീരുകയും ചെയ്തു.

കെ. എൽ. മോഹൻപുരിയ,
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Scheduled Castes and the Scheduled Tribes (Prevention of Atrocities) Act, 1989 (Act No. 33 of 1989) as on 5th June, 1992 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. 1, No. 9, dated 19th October, 2011 on pages 1 to 14.

This authorised translation was published under the authority of the President of India under clause (a) of Section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

K. L. MOHAN PURIA,
*Secretary to the Government of India.*

3/1439/2012/DTP.

# 1989-ലെ പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും (അതിക്രമങ്ങൾ തടയൽ) ആക്റ്റ്

(1989-ലെ 33-ാം നമ്പർ ആക്റ്റ്)

## ഉള്ളടക്കം


| വകുപ്പുകൾ | | പേജ് |
|---|---|---|
| | **അദ്ധ്യായം - I** | |
| | **പ്രാരംഭികം** | |
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |
| | **അദ്ധ്യായം - II** | |
| | **അതിക്രമ കുറ്റങ്ങൾ** | |
| 3. | അതിക്രമ കുറ്റങ്ങൾക്കുള്ള ശിക്ഷകൾ | 2 |
| 4. | കർത്തവ്യങ്ങളിൽ ഉപേക്ഷകാണിക്കുന്നതിനുള്ള ശിക്ഷ | 5 |
| 5. | പിന്നീടുള്ള കുറ്റ സ്ഥാപനത്തിനുള്ള വർദ്ധിപ്പിച്ച ശിക്ഷ | 5 |
| 6. | ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ ചില വ്യവസ്ഥകൾ ബാധകമാക്കുന്നത് | 6 |
| 7. | ചില ആളുകളുടെ വസ്തു കണ്ടുകെട്ടുന്നത് | 6 |
| 8. | കുറ്റങ്ങൾ സംബന്ധിച്ചുള്ള അനുമാനം | 6 |
| 9. | അധികാരങ്ങൾ നൽകൽ | 6 |
| | **അദ്ധ്യായം - III** | |
| | **എക്സ്റ്റേൺമെന്റ്** | |
| 10. | കുറ്റം ചെയ്യാൻ ഇടയുള്ള ആളെ നീക്കം ചെയ്യുന്നത് | 7 |
| 11. | ഒരാൾ ഒരു പ്രദേശത്ത് നിന്നും സ്വയം മാറിപ്പോകാതിരിക്കുമ്പോഴും മാറിപ്പോയശേഷം അവിടെ പ്രവേശിക്കുമ്പോഴുമുള്ള നടപടിക്രമം | 8 |
| 12. | 10-ാം വകുപ്പിൻ കീഴിൽ ആർക്കെതിരായാണോ ഉത്തരവ് പുറപ്പെടുവിക്കുന്നത് ആ ആളുടെ അളവുകളും ഫോട്ടോഗ്രാഫുകളും മറ്റും എടുക്കുന്നത് | 8 |
| 13. | 10-ാം വകുപ്പിൻ കീഴിലുള്ള ഉത്തരവ് അനുസരിക്കാതിരിക്കലിനുള്ള ശിക്ഷ | 9 |
| | **അദ്ധ്യായം - IV** | |
| | **സ്പെഷ്യൽ കോടതികൾ** | |
| 14. | സ്പെഷ്യൽ കോടതി | 9 |
| 15. | സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ | 9 |

## അദ്ധ്യായം - V

### പലവക


| | | |
|---|---|---|
| 16. | കൂട്ടപ്പിഴ ചുമത്താൻ സംസ്ഥാന സർക്കാരിനുള്ള അധികാരം | 9 |
| 17. | നിയമ സമാധാന സംവിധാനോദ്യോഗസ്ഥൻമാർ സ്വീകരിക്കേണ്ട നിവാരക പ്രവർത്തനം | 10 |
| 18. | ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റം ചെയ്യുന്ന ആളുകൾക്ക് നിയമ സംഹിതയിലെ 438-ാം വകുപ്പ് ബാധകമാകുന്നതല്ലെന്ന് | 10 |
| 19. | ആക്റ്റിൻ കീഴിലുള്ള ഒരു കുറ്റത്തിന് അപരാധിയായുള്ള ആളുകൾക്ക് നിയമ സംഹിതയിലെ 360-ാം വകുപ്പോ കുറ്റക്കാരുടെ പ്രൊബേഷൻ ആക്റ്റിലെ വ്യവസ്ഥകളോ ബാധകമാകുന്നതല്ലെന്ന് | 10 |
| 20. | ആക്റ്റിന് മറ്റു നിയമങ്ങളിൻമേൽ അധികപ്രഭാവം ഉണ്ടായിരിക്കുന്നതാണെന്ന് | 10 |
| 21. | ആക്റ്റിന്റെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പുവരുത്തുവാൻ സർക്കാരിനുള്ള ചുമതല | 11 |
| 22. | ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തിക്ക് സംരക്ഷണം | 12 |
| 23. | ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം | 12 |

# 1989-ലെ പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും (അതിക്രമങ്ങൾ തടയൽ) ആക്റ്റ്

(1989-ലെ 33-ാം നമ്പർ ആക്റ്റ്)

പട്ടികജാതികളിലും പട്ടികഗോത്രവർഗ്ഗങ്ങളിലുംപെട്ട അംഗങ്ങൾക്ക് നേരെ അതിക്രമ കുറ്റങ്ങൾ ചെയ്യുന്നത് തടയുന്നതിനും അങ്ങനെയുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിനുമുള്ള സ്പെഷ്യൽ കോടതികൾ ഏർപ്പെടുത്തുന്നതിനും അങ്ങനെയുള്ള കുറ്റകൃത്യങ്ങൾക്കിരയാകുന്നവരുടെ ആശ്വാസത്തിനും പുനരധിവാസത്തിനും വേണ്ടിയും അതിനോട് ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിനുമുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ നാൽപ്പതാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

*ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും*

1. (1) ഈ ആക്റ്റിന് 1989-ലെ പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും (അതിക്രമങ്ങൾ തടയൽ) ആക്റ്റ് എന്നു പേര് പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെയുള്ള ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

*നിർവ്വചനങ്ങൾ*

2. (1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) "അതിക്രമം" എന്നാൽ 3-ാം വകുപ്പിൻകീഴിൽ ശിക്ഷാർഹമായ ഒരു കുറ്റം എന്നർത്ഥമാകുന്നു ;

(ഖ) "നിയമസംഹിത" എന്നാൽ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത എന്നർത്ഥമാകുന്നു ; *1974-ലെ 2*

(ഗ) "പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും" എന്നതിന് ഭാരതത്തിന്റെ ഭരണഘടനയിലെ 366-ാം അനുച്ഛേദം 24-ഉം 25-ഉം ഖണ്ഡങ്ങളിൽ യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ് ;

(ഘ) "സ്പെഷ്യൽ കോടതി" എന്നാൽ 14-ാം വകുപ്പിൽ ഒരു സ്പെഷ്യൽ കോടതിയായി വിനിർദ്ദേശിക്കപ്പെട്ട ഒരു സെഷൻസ് കോടതി എന്നർത്ഥമാകുന്നു ;

(ങ) "സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ" എന്നാൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ആയി 15-ാം വകുപ്പിൽ വിനിർദ്ദേശിക്കപ്പെട്ട ഒരു പബ്ലിക് പ്രോസിക്യൂട്ടറോ അല്ലെങ്കിൽ ആ വകുപ്പിൽ പരാമർശിക്കപ്പെട്ട ഒരു അഡ്വക്കേറ്റോ എന്നർത്ഥമാകുന്നു ;

1860-ലെ 45

(ച) ഈ ആക്റ്റിൽ ഉപയോഗിക്കുകയും എന്നാൽ നിർവ്വചിക്കാതിരിക്കുകയും നിയമസംഹിതയിലോ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലോ നിർവ്വചിക്കുകയും ചെയ്തിട്ടുള്ള വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, അതതു സംഗതിപോലെ, നിയമസംഹിതയിലോ അല്ലെങ്കിൽ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലോ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാകുന്നു.

(2) ഏതെങ്കിലും നിയമത്തെയോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും വ്യവസ്ഥയെയോപറ്റി ഈ ആക്റ്റിലുള്ള ഏതെങ്കിലും പരാമർശം അങ്ങനെയുള്ള നിയമമോ അല്ലെങ്കിൽ അങ്ങനെയുള്ള വ്യവസ്ഥയോ പ്രാബല്യത്തിൽ ഇല്ലാത്ത ഒരു പ്രദേശത്തെ സംബന്ധിച്ച് ആ പ്രദേശത്ത് പ്രാബല്യത്തിലുള്ള തൽസ്ഥാനീയ നിയമം വല്ലതും ഉണ്ടെങ്കിൽ അതിന്റെ ഒരു പരാമർശമായി അർത്ഥം കൽപിക്കേണ്ടതാണ്.

## അദ്ധ്യായം II

## അതിക്രമ കുറ്റങ്ങൾ

അതിക്രമ കുറ്റങ്ങൾക്കുള്ള ശിക്ഷകൾ

3. (1) പട്ടികജാതിയിലെയോ പട്ടികഗോത്ര വർഗ്ഗത്തിലെയോ അംഗമല്ലാത്ത ഏതൊരാളാണോ,—

(i) പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഒരംഗത്തെ കൊണ്ട് ഭക്ഷ്യയോഗ്യമല്ലാത്തതോ നിന്ദ്യമായതോ ആയ ഏതെങ്കിലും സാധനം തീറ്റിക്കുന്നതിനോ കുടിപ്പിക്കുന്നതിനോ ബലപ്രയോഗം നടത്തുന്നത് ;

(ii) പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഏതെങ്കിലും അംഗത്തിന് ക്ഷതിയോ അപമാനമോ അല്ലെങ്കിൽ അലട്ടലോ ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടുകൂടി വിസർജ്ജന വസ്തുക്കളോ പാഴ്‌വസ്തുക്കളോ, ജന്തുക്കളുടെ ശവശരീരങ്ങളോ മറ്റ് ഏതെങ്കിലും നിന്ദ്യമായ സാധനമോ അയാളുടെ പരിസരങ്ങളിലോ അയൽപക്കത്തോ കൂട്ടിയിടുകവഴി പ്രവർത്തിക്കുന്നത് ;

(iii) പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഒരംഗത്തിന്റെ ശരീരത്തിൽനിന്ന് ബലാൽക്കാരമായി വസ്ത്രങ്ങൾ മാറ്റുകയോ അല്ലെങ്കിൽ മുഖത്തോ ശരീരത്തിലോ ചായംതേച്ചോ നടത്തുന്നതോ അല്ലെങ്കിൽ മനുഷ്യന്റെ അന്തസ്സിന് ന്യൂനതയുണ്ടാക്കുന്ന അതേപോലെയുള്ള ഏതെങ്കിലും പ്രവൃത്തി ചെയ്യുകയോ ചെയ്യുന്നത് ;

(iv) പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഒരംഗത്തിന് ഉടമസ്ഥാവകാശം ഉള്ളതോ അലോട്ട് ചെയ്തിട്ടുള്ളതോ അല്ലെങ്കിൽ ക്ഷമതയുള്ള അധികാരസ്ഥാനത്താൽ അലോട്ട് ചെയ്യുന്നതിനുവേണ്ടി വിജ്ഞാപനം ചെയ്തിട്ടുള്ളതോ ആയ ഭൂമി അന്യായമായി കൈവശപ്പെടുത്തുകയോ കൃഷി ചെയ്യുകയോ അല്ലെങ്കിൽ അയാൾക്ക് അലോട്ട് ചെയ്ത ഭൂമി കൈമാറ്റം ചെയ്ത് എടുക്കുകയോ ചെയ്യുന്നത് ;

(v) പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഒരംഗത്തിന്റെ ഭൂമിയെയോ പരിസരപ്രദേശത്തെയോ അയാളുടെ കൈവശത്തിൽ നിന്നും അന്യായമായി നീക്കംചെയ്യുകയോ അല്ലെങ്കിൽ ഏതെങ്കിലും ഭൂമിയിൻമേലോ, പരിസരപ്രദേശത്തിൻമേലോ, വെള്ളത്തിൻമേലോ ഉള്ള അയാളുടെ അവകാശങ്ങൾ അനുഭവിക്കുന്നതിൽ കൈകടത്തുകയോ ചെയ്യുന്നത് ;

(vi) പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഒരംഗത്തെ പൊതു ആവശ്യത്തിനുവേണ്ടി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും നിർബന്ധിതസേവനം ഒഴികെ, 'ബിഗാർ' അല്ലെങ്കിൽ അതേ രൂപത്തിലുള്ള മറ്റു നിർബന്ധിത തൊഴിലോ അല്ലെങ്കിൽ അടിമപ്പണിയോ ചെയ്യാൻ നിർബന്ധിക്കുകയോ പ്രലോഭിപ്പിക്കുകയോ ചെയ്യുന്നത് ;

(vii) പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഒരംഗത്തെ വോട്ട് ചെയ്യാതിരിക്കുന്നതിനോ ഒരു പ്രത്യേക സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യുന്നതിനോ അല്ലെങ്കിൽ നിയമംമൂലം വ്യവസ്ഥ ചെയ്തിട്ടുള്ളതല്ലാത്തവിധത്തിൽ വോട്ട് ചെയ്യുന്നതിനോ നിർബന്ധിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നത് ;

(viii) പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഒരംഗത്തിനെതിരായി വ്യാജമായതോ, ദുരുദ്ദേശപരമായതോ, ശല്യപ്പെടുത്തുന്നതോ ആയ വ്യവഹാരമോ ക്രിമിനൽ നടപടികളോ മറ്റു നിയമ നടപടികളോ ആരംഭിക്കുന്നത് ;

(ix) ഏതെങ്കിലും വ്യാജമായതോ നിസ്സാരമായതോ ആയ വിവരം ഏതെങ്കിലും പബ്ലിക് സർവന്റിന് നൽകുകയും അതുവഴി അങ്ങനെയുള്ള പബ്ലിക് സർവന്റിന്റെ നിയമാനുസൃതമായ അധികാരം പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഒരംഗത്തിന് ക്ഷതിയോ അലട്ടോ ഉണ്ടാക്കത്തക്കവിധം ഉപയോഗിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നത് ;

(x) പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഒരംഗത്തെ പൊതുജനദൃഷ്ടിയിൽപ്പെടുന്ന ഏതെങ്കിലും സ്ഥലത്തുവച്ച് അവഹേളിക്കണമെന്ന ഉദ്ദേശത്തോടുകൂടി ഉദ്ദേശപൂർവ്വം അപമാനിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നത് ;

(xi) പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപെടുന്ന ഏതെങ്കിലും സ്ത്രീയെ അനാദരിക്കുകയോ മാനഭംഗപ്പെടുത്തുകയോ ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി അവളുടെ നേരെ കയ്യേറ്റം നടത്തുകയോ ബലം പ്രയോഗിക്കുകയോ ചെയ്യുന്നത് ;

(xii) പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപെട്ട ഒരു സ്ത്രീയുടെ ഇച്ഛയെ സ്വാധീനപ്പെടുത്താവുന്ന ഒരു സ്ഥാനത്തായിരിക്കുകയും അങ്ങനെ അല്ലായിരുന്നെങ്കിൽ അവൾ സമ്മതിക്കില്ലായിരുന്ന ലൈംഗിക ചൂഷണത്തിന് ആ സ്ഥാനം ഉപയോഗിക്കുകയും ചെയ്യുന്നത് ;

(xiii) പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ അംഗങ്ങൾ സാധാരണയായി ഉപയോഗിക്കുന്ന ഏതെങ്കിലും നീരുറവയിലെയോ ജലസംഭരണിയിലെയോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്രോതസ്സിലെയോ ജലം, അത് സാധാരണയായി ഉപയോഗിക്കുന്ന ആവശ്യത്തിനുള്ള അനുയോജ്യത കുറയത്തക്കവിധം ദുഷിപ്പിക്കുകയോ മലിനമാക്കുകയോ ചെയ്യുന്നത് ;

(xiv) പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഒരു അംഗത്തിന് ഒരു പൊതു സങ്കേത സ്ഥലത്തേക്ക് കടക്കുവാൻ കീഴ്നടപ്പു പ്രകാരമുള്ള ഏതെങ്കിലും അവകാശം നിഷേധിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള അംഗത്തെ പൊതുജനങ്ങളിലെ മറ്റ് അംഗങ്ങൾക്കോ അതിന്റെ ഏതെങ്കിലും

വിഭാഗത്തിലോ ഉപയോഗിക്കുവാനോ പ്രവേശിക്കുവാനോ അവകാശമുള്ള പൊതു സങ്കേത സ്ഥലം ഉപയോഗിക്കുന്നതിൽ നിന്നോ അവിടേക്ക് പ്രവേശിക്കുന്നതിൽനിന്നോ അയാളെ തടയത്തക്കവിധം പ്രതിബന്ധപ്പെടുത്തുകയോ ചെയ്യുന്നത് ;

(xv) പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഒരംഗത്തെ തന്റെ വീടോ ഗ്രാമമോ അല്ലെങ്കിൽ മറ്റു വാസസ്ഥലമോ വിട്ടു പോകുന്നതിന് നിർബന്ധിക്കുകയോ, ഇടയാക്കുകയോ ചെയ്യുന്നത്,

ആ ആൾ ആറുമാസത്തിൽ കുറയാത്തതും എന്നാൽ അഞ്ചുവർഷത്തോളമാകാവുന്നതുമായ ഒരു കാലത്തേക്ക് തടവുശിക്ഷയും പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ അംഗമല്ലാത്ത ഏതൊരാളാണോ,

(i) വ്യാജമായ തെളിവു നൽകുകയോ നിർമ്മിക്കുകയോ ചെയ്യുന്നതു വഴി പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഏതെങ്കിലും അംഗത്തിന്റെമേൽ തൽസമയം പ്രാബല്യത്തിലിരിക്കുന്ന നിയമപ്രകാരം മരണശിക്ഷാർഹമായ ഒരു കുറ്റം സ്ഥാപിക്കപ്പെടുവാൻ ഇടയാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഇടയാക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെ ചെയ്യുന്നത് ആ ആൾ ജീവപര്യന്ത തടവു ശിക്ഷയും പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതും അങ്ങനെയുള്ള വ്യാജമോ വ്യാജനിർമ്മിതമോ ആയ തെളിവിന്റെ അനന്തരഫലമായി പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ നിരപരാധിയായ ഒരംഗത്തിന്റെമേൽ കുറ്റം സ്ഥാപിക്കപ്പെടുകയും വധശിക്ഷ നടത്തപ്പെടുകയും ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള വ്യാജമായ തെളിവ് നൽകുകയോ നിർമ്മിക്കുകയോ ചെയ്യുന്ന ആൾ മരണശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതും ;

(ii) വ്യാജമായ തെളിവു നൽകുകയോ നിർമ്മിക്കുകയോ ചെയ്യുന്നതു വഴി പട്ടികജ്ജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഏതെങ്കിലും അംഗത്തിന്റെമേൽ മരണശിക്ഷാർഹമല്ലാത്തതും എന്നാൽ ഏഴു വർഷമോ അതിൽ കൂടുതൽ കാലത്തേക്കോ ഉള്ള തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതുമായ ഒരു കുറ്റം സ്ഥാപിക്കപ്പെടുവാൻ ഇടയാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഇടയാക്കുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെ ചെയ്യുന്നത്, ആ ആൾ ആറുമാസത്തിൽ കുറയാത്തതും എന്നാൽ ഏഴു വർഷത്തോളമോ അതിൽ കൂടുതലോ ആകാവുന്ന കാലത്തേക്ക് തടവുശിക്ഷയും പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതും ;

(iii) തീയാലോ ഏതെങ്കിലും സ്ഫോടക പദാർത്ഥത്താലോ ദ്രോഹം ചെയ്യുന്നതുവഴി പട്ടികജ്ജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഒരു അംഗത്തിന്റേതായ ഏതെങ്കിലും വസ്തുവിന് നാശനഷ്ടം ഉണ്ടാക്കുവാൻ ഇടയാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ ഇടയാക്കുവാനിടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെ ദ്രോഹം ചെയ്യുന്നത് ; ആ ആൾ ആറുമാസത്തിൽ കുറയാത്തതും എന്നാൽ ഏഴുവർഷത്തോളമാകാവുന്നതുമായ കാലത്തേക്ക് തടവുശിക്ഷയും പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതും ;

(iv) തീയാലോ ഏതെങ്കിലും സ്ഫോടക പദാർത്ഥത്താലോ ദ്രോഹം ചെയ്യുന്നതുവഴി പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഒരംഗം ഒരു ആരാധനസ്ഥലമായോ മനുഷ്യവാസസ്ഥലമായോ വസ്തു സൂക്ഷിപ്പു സ്ഥലമായോ സാധാരണയായി ഉപയോഗിക്കുന്ന ഏതെങ്കിലും കെട്ടിടം നശിപ്പിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയോ നശിപ്പിക്കുവാൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ അങ്ങനെ ദ്രോഹം ചെയ്യുന്നത്, ആ ആൾ ജീവപര്യന്ത തടവുശിക്ഷയും പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതും ;

(v) പത്തുവർഷത്തേക്കോ അതിൽ കൂടുതൽ കാലത്തേക്കോ തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്ന, ഇൻഡ്യൻ ശിക്ഷാ നിയമസംഹിതപ്രകാരം ഉള്ള ഏതെങ്കിലും കുറ്റം, ഒരാളിനെതിരായോ അല്ലെങ്കിൽ വസ്തുവിൻമേലോ അയാൾ പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഒരംഗമാണെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള വസ്തു അങ്ങനെയുള്ള ഒരംഗത്തിന്റെതാണെന്നോ ഉള്ള കാരണത്തിൻമേൽ ചെയ്യുന്നത്, ആ ആൾ ജീവപര്യന്ത തടവുശിക്ഷയും പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതും ; *1860-ലെ 45*

(vi) ഈ അദ്ധ്യായപ്രകാരമുള്ള ഒരു കുറ്റം ചെയ്തിട്ടുണ്ടെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണമുണ്ടായിട്ടോ കുറ്റക്കാരനെ നിയമപ്രകാരമുള്ള ശിക്ഷയിൽനിന്ന് ഛാദനം ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി ആ കുറ്റം ചെയ്യപ്പെട്ടതിന്റെ ഏതെങ്കിലും തെളിവ് അപ്രത്യക്ഷമാക്കുകയോ അല്ലെങ്കിൽ ആ ഉദ്ദേശത്തോടുകൂടി ആ കുറ്റം സംബന്ധിച്ച് വ്യാജമാണെന്ന് താൻ അറിയുന്നതോ അല്ലെങ്കിൽ വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും വിവരം നൽകുകയോ ചെയ്യുന്നത്, ആ ആൾ ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതും ; അല്ലെങ്കിൽ

(vii) ഒരു പബ്ലിക് സർവന്റ് ആയിരിക്കെ ഈ വകുപ്പുപ്രകാരമുള്ള ഏതെങ്കിലും കുറ്റം ചെയ്യുന്നത്, ആ ആൾ ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷയുടെ കാലത്തോളം ആകാവുന്നതുമായ ഒരു കാലത്തേക്ക് തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതും,

ആണ്.

*കർത്തവ്യങ്ങളിൽ ഉപേക്ഷ കാണിക്കുന്നതിനുള്ള ശിക്ഷ*

4. ഒരു പബ്ലിക് സർവന്റ് ആയിരിക്കുകയും എന്നാൽ പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ ഒരു അംഗം അല്ലാത്തതുമായ ഏതൊരാളാണോ ഈ ആക്റ്റുപ്രകാരം അയാൾ ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെട്ടിട്ടുള്ള അയാളുടെ കർത്തവ്യങ്ങളിൽ മനഃപൂർവ്വം ഉപേക്ഷ കാണിക്കുന്നത് ആ ആൾ ആറുമാസത്തിൽ കുറയാത്തതും എന്നാൽ ഒരു വർഷത്തോളമാകാവുന്നതുമായ ഒരു കാലത്തേക്ക് തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

*പിന്നീടുള്ള കുറ്റസ്ഥാപനത്തിനുള്ള വർദ്ധിപ്പിച്ച ശിക്ഷ*

5. ഈ അദ്ധ്യായത്തിൻകീഴിൽ ഒരു കുറ്റത്തിന് നേരത്തെ കുറ്റസ്ഥാപനം ചെയ്യപ്പെട്ടതിനുശേഷം രണ്ടാമത്തെ കുറ്റത്തിനോ രണ്ടാമത്തെ കുറ്റത്തിനുശേഷമുള്ള ഏതെങ്കിലും കുറ്റത്തിനോ കുറ്റസ്ഥാപനം ചെയ്യപ്പെടുന്നത് ഏതൊരാളാണോ ആ ആൾ ഒരു വർഷത്തിൽ കുറയാത്തതും എന്നാൽ ആ കുറ്റത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷയുടെ കാലത്തോളമാകാവുന്നതുമായ ഒരു കാലത്തേക്ക് തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

ഇൻഡ്യൻ ശിക്ഷാനിയമ സംഹിതയിലെ ചില വ്യവസ്ഥകൾ ബാധക മാക്കുന്നത്

6. ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി, ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ 34-ാം വകുപ്പ്, അദ്ധ്യായം III, അദ്ധ്യായം IV, അദ്ധ്യായം V, അദ്ധ്യായം Vക 149-ാം വകുപ്പ്, അദ്ധ്യായം XXIII, ഇവയിലെ വ്യവസ്ഥകൾ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയുടെ ആവശ്യങ്ങൾക്ക് അവ എങ്ങനെ ബാധക മാകുന്നുവോ അതുപോലെ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക്, കഴിയുന്നിടത്തോളം, ബാധകമാകുന്നതാണ്. 1860-ലെ 45

ചില ആളുകളുടെ വസ്തു കണ്ടുകെട്ടുന്നത്

7. (1) ഈ അദ്ധ്യായത്തിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റത്തിന് ഒരാൾ കുറ്റസ്ഥാപനം ചെയ്യപ്പെട്ടിരിക്കുമ്പോൾ, സ്പെഷ്യൽ കോടതിക്ക്, ഏതെങ്കിലും ശിക്ഷ വിധിക്കുന്നതിനും പുറമേ, രേഖാമൂലമായ ഉത്തരവിനാൽ, ആ കുറ്റം ചെയ്യുന്നതിന് ഉപയോഗിക്ക പ്പെട്ടിട്ടുള്ള അയാളുടെ വകയായ ഏതൊരു വസ്തുവും, ജംഗമമോ സ്ഥാവരമോ അല്ലെങ്കിൽ രണ്ടും കൂടിയോ, സർക്കാരിലേക്ക് കണ്ടുകെട്ടപ്പെട്ടിരിക്കുന്നതായി പ്രഖ്യാപിക്കാവുന്നതാണ്.

(2) ഈ അദ്ധ്യായത്തിൻകീഴിലുള്ള ഏതെങ്കിലും കുറ്റം ഏതെങ്കിലും ആളിൽ ആരോപിക്കപ്പെട്ടിരിക്കുമ്പോൾ അയാളെ വിചാരണ ചെയ്യുന്ന സ്പെഷ്യൽ കോടതിക്ക്, അയാളുടെ വകയായ വസ്തുക്കൾ, ജംഗമമോ സ്ഥാവരമോ അല്ലെങ്കിൽ രണ്ടും കൂടിയോ, എല്ലാമോ അവയിൽ ഏതെങ്കിലുമോ, അങ്ങനെയുള്ള വിചാരണ നടക്കുന്ന കാലയളവിലേക്ക് ജപ്തി ചെയ്യപ്പെട്ടിരിക്കുന്നതായി ഒരു ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അങ്ങനെയുള്ള വിചാരണ കുറ്റസ്ഥാ പനത്തിൽ അവസാനിക്കുന്നിടത്ത് ഈ അദ്ധ്യായത്തിൻകീഴിൽ ചുമത്തപ്പെട്ട ഏതെങ്കിലും പിഴ ഈടാക്കുന്ന ആവശ്യത്തിന് വേണ്ടിട ത്തോളം അങ്ങനെ ജപ്തി ചെയ്യപ്പെട്ട വസ്തു കണ്ടുകെട്ടപ്പെടാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

കുറ്റങ്ങൾ സംബന്ധി ച്ചുള്ള അനുമാനം

8. ഈ അദ്ധ്യായത്തിൻകീഴിലുള്ള ഒരു കുറ്റം സംബന്ധിച്ച ഒരു പ്രോസിക്യൂഷനിൽ,—

(ക) പ്രതി ഈ അദ്ധ്യായത്തിൻകീഴിലുള്ള ഒരു കുറ്റം ചെയ്ത തായി ആരോപിക്കപ്പെട്ടതോ അല്ലെങ്കിൽ അങ്ങനെ ചെയ്തതായി ന്യായമായി സംശയിക്കപ്പെടുന്നതോ ആയ ഒരാളിന്, ഏതെങ്കിലും ധനസഹായം നൽകിയിട്ടുണ്ടെന്ന് തെളിയിക്കപ്പെടുന്നുവെങ്കിൽ, വിപരീതമായത് തെളിയിക്കപ്പെ ടാത്തപക്ഷം, സ്പെഷ്യൽ കോടതി, അങ്ങനെയുള്ള ആൾ ആ കുറ്റകൃത്യത്തിന് പ്രേരണ നൽകിയിരുന്നു വെന്ന് അനുമാനിക്കേണ്ടതാണ്;

(ഖ) ഈ അദ്ധ്യായത്തിൻകീഴിലുള്ള ഒരു കുറ്റം ഒരുകൂട്ടം ആളുകൾ ചെയ്തതായി തെളിയിക്കപ്പെടുകയും ആ കുറ്റം ഭൂമിയേയോ മറ്റേതെങ്കിലും സംഗതിയേയോ സംബന്ധിച്ച് നിലവിലുള്ള ഏതെങ്കിലും തർക്കത്തിന്റെ അനന്തരഫലമായിരുന്നുവെന്ന് തെളിയിക്ക പ്പെടുകയും ചെയ്യുന്നപക്ഷം, ആ കുറ്റം ചെയ്യപ്പെട്ടത് പൊതുലക്ഷ്യത്തെ പുരോഗമിപ്പിക്കുന്നതിനോ അല്ലെങ്കിൽ പൊതു ഉദ്ദേശ്യം നേടുന്നതിനോ ആയിരുന്നുവെന്ന് അനുമാനിക്കേണ്ടതാണ്.

അധികാരങ്ങൾ നൽകൽ

9. (1) നിയമസംഹിതയിലോ ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സംസ്ഥാന സർക്കാരിന് അപ്രകാരം ചെയ്യുന്നത് ആവശ്യമെന്നോ സമീചീനമെന്നോ അത് കരുതുന്ന പക്ഷം,—

(ക) ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും കുറ്റം തടയുന്ന തിനോ നേരിടുന്നതിനോവേണ്ടി, അല്ലെങ്കിൽ

(ഖ) ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും കേസിനോ അല്ലെങ്കിൽ ഏതെങ്കിലും വിഭാഗം അഥവാ ഗ്രൂപ്പ് കേസുകൾക്കോ വേണ്ടി, ഏതെങ്കിലും ജില്ലയിലോ അതിന്റെ ഭാഗത്തോ, സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥന്, അങ്ങനെയുള്ള ജില്ലയിലോ അതിന്റെ ഭാഗത്തോ, അല്ലെങ്കിൽ അതതു സംഗതിപോലെ, അങ്ങനെയുള്ള കേസിനോ അല്ലെങ്കിൽ വിഭാഗം അഥവാ ഗ്രൂപ്പ് കേസുകൾക്കോവേണ്ടി ഒരു പോലീസ് ഉദ്യോഗസ്ഥന് നിയമസംഹിതപ്രകാരം പ്രയോഗിക്കാവുന്നതായ അധികാരങ്ങൾ, പ്രത്യേകിച്ചും അറസ്റ്റ്, അന്വേഷണം, ഏതെങ്കിലും സ്പെഷ്യൽ കോടതി മുമ്പാകെ ആളുകളെ പ്രോസിക്യൂട്ട് ചെയ്യൽ എന്നിവയ്ക്കുള്ള അധികാരങ്ങൾ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നൽകാവുന്നതാണ്.

(2) എല്ലാ പോലീസുദ്യോഗസ്ഥൻമാരും സർക്കാരിന്റെ മറ്റെല്ലാ ഉദ്യോഗസ്ഥൻമാരും (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട ഉദ്യോഗസ്ഥനെ ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടത്തിലെയോ, സ്കീമിലെയോ അല്ലെങ്കിൽ ഉത്തരവിലെയോ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ സഹായിക്കേണ്ടതാണ്.

(3) നിയമസംഹിതയിലെ വ്യവസ്ഥകൾ, കഴിയുന്നിടത്തോളം, ഒരു ഉദ്യോഗസ്ഥന് (1)-ാം ഉപവകുപ്പുപ്രകാരമുള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതിൽ ബാധകമാകുന്നതാണ്.

## അദ്ധ്യായം III

## എക്സ്റ്റേൺമെന്റ്

*കുറ്റം ചെയ്യാൻ ഇടയുള്ള ആളെ നീക്കം ചെയ്യുന്നത്*

10. (1) ഒരാൾ, ഭരണഘടനയിലെ 244-ാം അനുച്ഛേദത്തിൽ പരാമർശിക്കപ്പെട്ട പ്രകാരമുള്ള പട്ടികപ്രദേശങ്ങളിലും ഗോത്രവർഗ്ഗ പ്രദേശങ്ങളിലും ഉൾപ്പെട്ട ഏതെങ്കിലും പ്രദേശത്ത് ഈ ആക്റ്റിലെ II-ാം അദ്ധ്യായത്തിൻ കീഴിലുള്ള ഒരു കുറ്റം ചെയ്യാനിടയുണ്ടെന്ന് ഒരു പരാതിയിൻമേലോ അല്ലെങ്കിൽ ഒരു പോലീസ് റിപ്പോർട്ടിൻമേലോ സ്പെഷ്യൽ കോടതിക്ക് ബോദ്ധ്യപ്പെടുന്നിടത്ത്, അതിന് രേഖാമൂലമുള്ള ഉത്തരവിനാൽ, അങ്ങനെയുള്ള ആളിനോട് അങ്ങനെയുള്ള പ്രദേശത്തിന്റെ അതിർത്തികൾക്ക് പുറത്തേക്ക് ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന മാർഗ്ഗത്തിൽകൂടിയും അങ്ങനെയുള്ള സമയത്തിനുള്ളിലും സ്വയം മാറിപ്പോകുന്നതിനും, ഏതു പ്രദേശത്തു നിന്നാണോ അയാൾ സ്വയം മാറിപ്പോകാൻ നിർദ്ദേശിക്കപ്പെട്ടത് ആ പ്രദേശത്തേക്ക് ആ ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്നതും രണ്ടു വർഷത്തിൽ കവിയാത്തതുമായ കാലത്തേക്ക് മടങ്ങിവരാൻ പാടില്ലാത്തതാണെന്നും നിർദ്ദേശിക്കാവുന്നതാണ്.

(2) സ്പെഷ്യൽ കോടതി (1)-ാം ഉപവകുപ്പിൻകീഴിൽ ഉള്ള ഒരു ഉത്തരവിനോടൊപ്പം ആ ഉപവകുപ്പുപ്രകാരം നിർദ്ദേശം നൽകപ്പെട്ടിരിക്കുന്ന ആളിനെ, അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള കാരണങ്ങൾ അറിയിക്കേണ്ടതാണ്.

(3) സ്പെഷ്യൽ കോടതി (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഉത്തരവ്, ഏതൊരാളിന് എതിരായാണോ അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് അങ്ങനെയുള്ള ആളോ അല്ലെങ്കിൽ അയാൾക്കുവേണ്ടി മറ്റേതെങ്കിലും ആളോ ആ ഉത്തരവിന്റെ തീയതി മുതൽ മുപ്പതു ദിവസത്തിനകം നൽകുന്ന നിവേദനത്തിൻമേൽ എഴുതി രേഖപ്പെടുത്തേണ്ട കാരണങ്ങളിൻമേൽ, പിൻവലിക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

*ഒരാൾ ഒരു പ്രദേശത്ത് നിന്നും സ്വയം മാറിപ്പോകാതിരിക്കുമ്പോഴും മാറിപ്പോയശേഷം അവിടെ പ്രവേശിക്കുമ്പോഴുമുള്ള നടപടിക്രമം*

11. (1) ഏതെങ്കിലും പ്രദേശത്തുനിന്നും സ്വയം മാറിപ്പോകുവാൻ 10-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഒരു നിർദ്ദേശം ഏതൊരാളിനാണോ നൽകിയിട്ടുള്ളത് ആ ആൾ സ്പെഷ്യൽ കോടതിയുടെ (2)-ാം ഉപവകുപ്പു പ്രകാരമുള്ള ലിഖിതമായ അനുവാദത്തോടുകൂടിയല്ലാതെ:—

(ക) വിനിർദ്ദേശിക്കപ്പെട്ട പ്രകാരം സ്വയം മാറിപ്പോകാതിരിക്കുകയോ; അല്ലെങ്കിൽ

(ഖ) അങ്ങനെ സ്വയം മാറിപ്പോയശേഷം ഉത്തരവിൽ വിനിർദ്ദേശിക്കപ്പെട്ട കാലത്തിനുള്ളിൽ അങ്ങനെയുള്ള പ്രദേശത്ത് പ്രവേശിക്കുകയോ ചെയ്യുന്നപക്ഷം സ്പെഷ്യൽ കോടതിക്ക്, അയാളെ അറസ്റ്റ് ചെയ്ത് പോലീസ് ബന്തവസ്സിൽ, അങ്ങനെയുള്ള പ്രദേശത്തിന് വെളിയിൽ, സ്പെഷ്യൽ കോടതി വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സ്ഥലത്തേക്ക് മാറ്റാൻ ഇടയാക്കാവുന്നതാണ്.

(2) സ്പെഷ്യൽ കോടതിക്ക്, രേഖാമൂലമായ ഉത്തരവുവഴി ഏതൊരാളിനെ സംബന്ധിച്ചാണോ 10-ാം വകുപ്പിൻകീഴിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്, ആ ആളിനെ, ഏതു പ്രദേശത്തുനിന്നാണോ അയാൾ സ്വയം മാറിപ്പോകാൻ നിർദ്ദേശിക്കപ്പെട്ടത്, ആ പ്രദേശത്ത്, അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള താൽക്കാലിക കാലയളവിലേക്കും അങ്ങനെയുള്ള നിബന്ധനകൾക്ക് വിധേയമായും മടങ്ങിപ്പോകാൻ അനുവദിക്കാവുന്നതും ചുമത്തപ്പെട്ട നിബന്ധനകൾ യഥാവിധി പാലിക്കപ്പെടുന്നതിന് ജാമ്യക്കാരനോടുകൂടിയോ അല്ലാതെയോ ഒരു ബോണ്ട് ഒപ്പിട്ട് പൂർത്തീകരിക്കുന്നതിന് അയാളോട് ആവശ്യപ്പെടാവുന്നതുമാണ്.

(3) സ്പെഷ്യൽ കോടതിക്ക് അങ്ങനെയുള്ള ഏതൊരു അനുവാദവും ഏതു സമയവും പിൻവലിക്കാവുന്നതാണ്.

(4) അങ്ങനെയുള്ള അനുവാദത്തോടുകൂടി ഏതു പ്രദേശത്തുനിന്നാണോ സ്വയം മാറിപ്പോകുവാൻ നിർദ്ദേശിക്കപ്പെട്ടിരുന്നത് ആ പ്രദേശത്തേക്ക് മടങ്ങിപ്പോകുന്ന ഏതൊരാളും ചുമത്തപ്പെട്ട നിബന്ധനകൾ പാലിക്കേണ്ടതും മടങ്ങിപ്പോകുവാൻ അയാളെ അനുവദിച്ചിരുന്നത് ഏതു താൽക്കാലിക കാലയളവിലേക്കാണോ ആ കാലയളവ് അവസാനിക്കുമ്പോൾ അല്ലെങ്കിൽ അങ്ങനെയുള്ള താൽക്കാലിക കാലയളവ് അവസാനിക്കുന്നതിന് മുമ്പായി അങ്ങനെയുള്ള അനുവാദം പിൻവലിക്കപ്പെടുമ്പോൾ, അങ്ങനെയുള്ള പ്രദേശത്തിന് പുറത്തേക്ക് സ്വയം മാറിപ്പോകേണ്ടതും, പുതുതായുള്ള ഒരു അനുവാദത്തോടുകൂടിയല്ലാതെ 10-ാം വകുപ്പുപ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിന്റെ കഴിയാൻ ബാക്കിയുള്ള സമയത്തിനുള്ളിൽ അവിടേക്ക് മടങ്ങാൻ പാടില്ലാത്തതുമാണ്.

(5) ഒരാൾ ചുമത്തപ്പെട്ട നിബന്ധനകളിലേതെങ്കിലും പാലിക്കാതിരിക്കുകയോ അല്ലെങ്കിൽ അതനുസരിച്ച് സ്വയം മാറിപ്പോകാതിരിക്കുകയോ അല്ലെങ്കിൽ അപ്രകാരം സ്വയം മാറിപ്പോയിട്ട് പുതുതായുള്ള അനുവാദത്തോടുകൂടിയല്ലാതെ അങ്ങനെയുള്ള പ്രദേശത്ത് പ്രവേശിക്കുകയോ അവിടേക്ക് മടങ്ങുകയോ ചെയ്യുന്നപക്ഷം സ്പെഷ്യൽ കോടതിക്ക്, അയാളെ അറസ്റ്റ് ചെയ്ത്, പോലീസ് ബന്തവസ്സിൽ, അങ്ങനെയുള്ള പ്രദേശത്തിന് വെളിയിൽ സ്പെഷ്യൽ കോടതി വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സ്ഥലത്തേക്ക് മാറ്റാൻ ഇടയാക്കാവുന്നതാണ്.

*10-ാം വകുപ്പിൻകീഴിൽ ആർക്കെതിരായാണോ ഉത്തരവ് പുറപ്പെടുവിക്കുന്നത് ആ ആളുടെ അളവുകളും ഫോട്ടോഗ്രാഫുകളും മറ്റും എടുക്കുന്നത്*

12. (1) ആർക്കെതിരായാണോ 10-ാം വകുപ്പിൻകീഴിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് അങ്ങനെയുള്ള ഓരോ ആളും, സ്പെഷ്യൽ കോടതി അപ്രകാരം ആവശ്യപ്പെടുന്നപക്ഷം, അയാളുടെ അളവുകളും ഫോട്ടോഗ്രാഫുകളും എടുക്കുന്നതിന് ഒരു പോലീസ് ഉദ്യോഗസ്ഥനെ അനുവദിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും ഒരു ആളിനോട് അയാളുടെ അളവുകളോ ഫോട്ടോഗ്രാഫുകളോ എടുക്കുവാൻ അനുവദിക്കണമെന്നാവശ്യപ്പെടുമ്പോൾ അപ്രകാരമുള്ള അളവുകളോ ഫോട്ടോഗ്രാഫുകളോ എടുക്കുന്നതിനെ എതിർക്കുകയോ അവ എടുക്കുന്നത് അനുവദിക്കാൻ വിസമ്മതിക്കുകയോ ചെയ്യുന്ന പക്ഷം, അവ എടുക്കുന്നത് ഉറപ്പുവരുത്തുന്നതിലേക്ക് ആവശ്യമായ എല്ലാ മാർഗ്ഗങ്ങളും അവലംബിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരം അളവുകളോ ഫോട്ടോഗ്രാഫുകളോ എടുക്കുന്നതിനോടുള്ള എതിർപ്പോ അല്ലെങ്കിൽ അവ എടുക്കുന്നത് അനുവദിക്കുന്നതിനുള്ള വിസമ്മതമോ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ 186-ാം വകുപ്പിൻകീഴിലുള്ള ഒരു കുറ്റമായി കരുതപ്പെടുന്നതാണ്. *1860-ലെ 45.*

(4) 10-ാം വകുപ്പുപ്രകാരമുള്ള ഒരു ഉത്തരവ് പിൻവലിക്കപ്പെടുന്നിടത്ത്, (2)-ാം ഉപവകുപ്പുപ്രകാരം എടുക്കപ്പെട്ട എല്ലാ അളവുകളും ഫോട്ടോഗ്രാഫുകളും (നെഗറ്റീവുകൾ ഉൾപ്പെടെ) നശിപ്പിക്കുകയോ അല്ലെങ്കിൽ ഏതൊരാളിനെതിരായാണോ അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടത് ആ ആളിന് ഏൽപ്പിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

*10-ാം വകുപ്പിൻകീഴിലുള്ള ഉത്തരവ് അനുസരിക്കാതിരിക്കലിനുള്ള ശിക്ഷ*

13. സ്പെഷ്യൽ കോടതിയുടെ 10-ാം വകുപ്പുപ്രകാരമുള്ള ഒരുത്തരവ് ലംഘിക്കുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലയളവിലേക്ക് തടവുശിക്ഷയും പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

## അദ്ധ്യായം IV

## സ്പെഷ്യൽ കോടതികൾ

*സ്പെഷ്യൽ കോടതി*

14. സത്വരമായ വിചാരണ ഏർപ്പെടുത്തുന്ന ആവശ്യത്തിലേക്ക്, സംസ്ഥാന സർക്കാരിന് ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസിന്റെ സമ്മതത്തോടുകൂടി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ഈ ആക്റ്റിൻകീഴിലുള്ള കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിലേക്ക് ഒരു സ്പെഷ്യൽ കോടതി ആയിരിക്കുന്നതിന് ഓരോ ജില്ലയിലേക്കും ഒരു സെഷൻസ് കോടതിയെ വിനിർദ്ദേശിക്കാവുന്നതാണ്.

*സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ*

15. സംസ്ഥാന സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ഓരോ സ്പെഷ്യൽ കോടതിയിലേക്കും ആ കോടതിയിൽ കേസുകൾ നടത്തുന്ന ആവശ്യത്തിലേക്ക് ഒരു പബ്ലിക് പ്രോസിക്യൂട്ടറെ വിനിർദ്ദേശിക്കുകയോ അല്ലെങ്കിൽ ഏഴുവർഷത്തിൽ കുറയാത്ത കാലമായി അഭിഭാഷകനായി പ്രാക്ടീസ് ചെയ്തുകൊണ്ടിരിക്കുന്ന ഒരു അഭിഭാഷകനെ ഒരു സ്പെഷ്യൽ പ്രോസിക്യൂട്ടറായി നിയമിക്കുകയോ ചെയ്യേണ്ടതാണ്.

## അദ്ധ്യായം V

## പലവക

*കൂട്ടപ്പിഴ ചുമത്താൻ സംസ്ഥാന സർക്കാരിനുള്ള അധികാരം*

16. ഈ ആക്റ്റിൻകീഴിൽ കൂട്ടപ്പിഴ ചുമത്തുന്നതിനും ഈടാക്കുന്നതിനും ഉള്ള ആവശ്യങ്ങൾക്കും അതുമായി ബന്ധപ്പെട്ട മറ്റെല്ലാ സംഗതികൾക്കും ആകാവുന്നിടത്തോളം, 1955-ലെ പൗരാവകാശ സംരക്ഷണ ആക്റ്റിലെ 10 ക വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്. *55-ലെ*

*നിയമ സമാധാന സംവിധാനോദ്യോഗസ്ഥൻമാർ സ്വീകരിക്കേണ്ട നിവാരക പ്രവർത്തനം*

17. (1) ഒരു ജില്ലാ മജിസ്ട്രേട്ടിനോ അല്ലെങ്കിൽ ഒരു സബ് ഡിവിഷണൽ മജിസ്ട്രേട്ടിനോ അല്ലെങ്കിൽ മറ്റേതെങ്കിലും എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിനോ ഒരു ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ പദവിയിൽ താഴെയല്ലാതെയുള്ള ഏതെങ്കിലും ഒരു പോലീസ് ഉദ്യോഗസ്ഥനോ വിവരം ലഭിക്കുന്നതിൻമേലും ആവശ്യമെന്ന് അയാൾക്ക് തോന്നാവുന്ന, അങ്ങനെയുള്ള അന്വേഷണത്തിനുശേഷവും തന്റെ അധികാരിതയുടെ പ്രാദേശിക പരിധികൾക്കുള്ളിലുള്ള ഏതെങ്കിലും സ്ഥലത്ത് താമസിക്കുകയോ, അല്ലെങ്കിൽ അടിക്കടി വന്നുപോവുകയോ ചെയ്യുന്ന, പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോ പെടാത്ത ഒരാളോ അല്ലെങ്കിൽ ആളുകളുടെ ഒരു ഗ്രൂപ്പോ, ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ചെയ്യാൻ ഇടയുണ്ടെന്നോ, അല്ലെങ്കിൽ ചെയ്യുന്നതാണെന്ന് ഭീഷണിപ്പെടുത്തിയിട്ടുണ്ടെന്നോ, വിശ്വസിക്കുവാൻ ന്യായമായ കാരണമുണ്ടായിരിക്കുകയും നടപടി എടുക്കുന്നതിന് മതിയായ കാരണമുണ്ടെന്ന് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുന്നപക്ഷം, അങ്ങനെയുള്ള ഒരു പ്രദേശത്തെ ഒരു അതിക്രമോൻമുഖ പ്രദേശമായി പ്രഖ്യാപിക്കേണ്ടതും സമാധാനവും നല്ല നടപ്പും പാലിക്കുന്നതിനും പൊതു സമാധാനവും പ്രശാന്തിയും നിലനിറുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും നിവാരക പ്രവൃത്തികൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്.

(2) നിയമസംഹിതയിലെ VIII, X, XI എന്നീ അദ്ധ്യായങ്ങളിലെ വ്യവസ്ഥകൾ ആകാവുന്നിടത്തോളം (1)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക് ബാധകമാകുന്നതാണ്.

(3) സംസ്ഥാന സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, അതിക്രമങ്ങൾ തടയുന്നതിനും പട്ടികജാതിയിലെയോ പട്ടികഗോത്രവർഗ്ഗത്തിലെയോ അംഗങ്ങൾക്കിടയിൽ സുരക്ഷിതത്വബോധം പുനഃസ്ഥാപിക്കുന്നതിനും ഒന്നോ അതിൽ കൂടുതലോ സ്കീമുകൾ, അങ്ങനെയുള്ള സ്കീമിലോ സ്കീമുകളിലോ വിനിർദ്ദേശിച്ചിട്ടുള്ള സമുചിത നടപടി, (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻമാർ സ്വീകരിക്കേണ്ട രീതി വിനിർദ്ദേശിച്ചുകൊണ്ട് തയ്യാറാക്കാവുന്നതാണ്.

*ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ചെയ്യുന്ന ആളുകൾക്ക് നിയമ സംഹിതയിലെ 438-ാം വകുപ്പ് ബാധകമാകുന്നതല്ലെന്ന്*

18. നിയമസംഹിതയിലെ 438-ാം വകുപ്പിലുള്ള യാതൊന്നും, ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ചെയ്തതായുള്ള ആരോപണത്തിൻമേൽ ഏതെങ്കിലും ആളുടെ അറസ്റ്റ് ഉൾക്കൊള്ളുന്ന ഏതെങ്കിലും കേസിനെ സംബന്ധിച്ചിടത്തോളം ബാധകമാകുന്നതല്ല.

*ആക്റ്റിൻകീഴിലുള്ള ഒരു കുറ്റത്തിന് അപരാധിയായുള്ള ആളുകൾക്ക് നിയമ സംഹിതയിലെ 360-ാം വകുപ്പോ കുറ്റക്കാരുടെ പ്രൊബേഷൻ ആക്റ്റിലെ വ്യവസ്ഥകളോ ബാധകമാകുന്നതല്ലെന്ന്*

19. ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ചെയ്തതിന് അപരാധിയാണെന്ന് കാണപ്പെട്ട പതിനെട്ടുവയസിന് മുകളിൽ പ്രായമുള്ള യാതൊരാളിനും നിയമസംഹിതയിലെ 360-ാം വകുപ്പിലുള്ള വ്യവസ്ഥകളും, 1958-ലെ കുറ്റക്കാരുടെ പ്രൊബേഷൻ ആക്റ്റിലെ വ്യവസ്ഥകളും ബാധകമാകുന്നതല്ല. *1958-ലെ 20.*

*ആക്റ്റിന് മറ്റു നിയമങ്ങളിൻമേൽ അധികപ്രഭാവം ഉണ്ടായിരിക്കുന്നതാണെന്ന്*

20. ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവിധമൊഴികെ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ആചാരത്തിലോ അല്ലെങ്കിൽ വഴക്കത്തിലോ അല്ലെങ്കിൽ അപ്രകാരമുള്ള ഏതെങ്കിലും നിയമത്തിന്റെ ബലത്തിൽ പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ അതുമായി അസംഗതമായ എന്തു തന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

ആക്റ്റിന്റെ ഫലപ്രദമായ നടത്തിപ്പ് ഉറപ്പു വരുത്തുവാൻ സർക്കാരിനുള്ള ചുമതല

21. (1) ഇതിലേക്ക് കേന്ദ്രസർക്കാർ ഉണ്ടാക്കുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി ഈ ആക്റ്റിന്റെ ഫലപ്രദമായ നടത്തിപ്പിന് ആവശ്യമായ അങ്ങനെയുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതാണ്.

(2) പ്രത്യേകിച്ചും, മേൽപറഞ്ഞ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അപ്രകാരമുള്ള നടപടികളിൽ,—

(i) അതിക്രമങ്ങൾക്ക് വിധേയരാക്കപ്പെട്ട ആളുകൾക്ക് സ്വയം നീതി ലഭ്യമാക്കുന്നതിന് അവരെ കഴിവുള്ളവരാക്കിത്തീർക്കുന്നതിന് പര്യാപ്തമായ സൗകര്യങ്ങൾ, നിയമസഹായം ഉൾപ്പെടെയുള്ളത്, ഏർപ്പെടുത്തുന്നതിനും;

(ii) ഈ ആക്റ്റിൻകീഴിലുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന്റെയും വിചാരണയുടെയും കാലത്ത് അതിക്രമത്തിനിരയായവരുൾപ്പെടെയുള്ള സാക്ഷികളുടെ യാത്രാചെലവിനും സംരക്ഷണചെലവിനും വ്യവസ്ഥ ചെയ്യുന്നതിനും;

(iii) അതിക്രമത്തിനിരയായവരുടെ സാമ്പത്തികവും സാമൂഹ്യവുമായ പുനരധിവാസത്തിന് വ്യവസ്ഥ ചെയ്യുന്നതിനും;

(iv) ഈ ആക്റ്റിലെ വ്യവസ്ഥകൾ ഉല്ലംഘിച്ചതിനുള്ള പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കുന്നതിനോ അല്ലെങ്കിൽ പ്രോസിക്യൂഷന്റെ മേൽനോട്ടം നിർവ്വഹിക്കുന്നതിനോ വേണ്ടിയുള്ള ഉദ്യോഗസ്ഥൻമാരുടെ നിയമനത്തിനും;

(v) അങ്ങനെയുള്ള നടപടികളുടെ രൂപവൽക്കരണത്തിനോ അല്ലെങ്കിൽ നടത്തിപ്പിനോ സർക്കാരിനെ സഹായിക്കുന്നതിന് ഉചിതമെന്ന് സംസ്ഥാന സർക്കാർ കരുതുന്ന, അങ്ങനെയുള്ള സമുചിത തലങ്ങളിൽ കമ്മിറ്റികൾ ഉണ്ടാക്കുന്നതിനും;

(vi) ഈ ആക്റ്റിലെ വ്യവസ്ഥകളുടെ മെച്ചപ്പെട്ട നടത്തിപ്പിനു വേണ്ടിയുള്ള നടപടികൾ നിർദ്ദേശിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഈ ആക്റ്റിലെ വ്യവസ്ഥകളുടെ പ്രവർത്തനത്തിന്റെ ഒരു ആനുകാലിക സർവ്വേ നടത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനും;

(vii) ഏതെല്ലാം പ്രദേശങ്ങളിലാണ് പട്ടികജാതിയിലെയും പട്ടികഗോത്രവർഗ്ഗത്തിലെയും അംഗങ്ങൾ അതിക്രമങ്ങൾക്ക് വിധേയരാക്കപ്പെടാൻ ഇടയുള്ളതെന്ന് തിരിച്ചറിയുന്നതിനും അങ്ങനെയുള്ള അംഗങ്ങൾക്ക് സംരക്ഷണം ഉറപ്പുവരുത്തത്തക്കവിധത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതിനും;

ഉള്ള വ്യവസ്ഥകൾ ഉൾപ്പെടാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ സംസ്ഥാന സർക്കാരുകൾ എടുത്തിട്ടുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള നടപടികൾ കേന്ദ്രസർക്കാർ എടുക്കേണ്ടതാണ്.

(4) കേന്ദ്രസർക്കാർ അത് സ്വയമേയും സംസ്ഥാന സർക്കാരുകളും ഈ വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് എടുത്ത നടപടികളിൻമേലുള്ള ഒരു റിപ്പോർട്ട് ഓരോ വർഷവും പാർലമെന്റിന്റെ ഓരോ സഭയുടെയും മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

*ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തിക്ക് സംരക്ഷണം*

22. ഈ ആക്റ്റിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ എന്തിനെങ്കിലും, കേന്ദ്രസർക്കാരിനോ, സംസ്ഥാന സർക്കാരിനോ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളിനോ എതിരായി വ്യവഹാരമോ, പ്രോസിക്യൂഷനോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

*ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം*

23. കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുമ്പ്, ഇരുസഭകളും, ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും, ആ ചട്ടം ഉണ്ടാക്കരുത് എന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതി പോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

# THE SCHEDULED CASTES AND THE SCHEDULED TRIBES (PREVENTION OF ATROCITIES) ACT, 1989

(Act No. 33 of 1989)

1989-ലെ പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും (അതിക്രമങ്ങൾ തടയൽ) ആക്റ്റ്
(1989-ലെ 33-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | | |
|---|---|---|---|
| 1. | Atrocities | അതിക്രമങ്ങൾ | Short title and various other sections |
| 2. | Entice | പ്രലോഭിപ്പിക്കൽ | Section 3(1) (vi) |
| 3. | Prevention | തടയൽ | Short title |
| 4. | Screening | ഛാദനം | Section 3(2) (vi) |